# 56

# നിങ്ങളുടെ സഹോദരന്മാരെ എങ്ങനെ ഉറപ്പിക്കാം

# (18:22, 23; 19:1)

ക്രിസ്തുവിലുള്ള തന്റെ സഹോദരന്മാരെ പൗലൊസ് സ്നേഹിച്ചിരുന്നു. തന്റെ മൂന്നാം മിഷണറിയാത്രയുടെ ആരംഭത്തിൽ, പൗലൊസ് "പുറപ്പെട്ടു ... ക്രമത്താലെ ഗലാത്യ ദേശത്തിലും ഫ്രുഗ്യയിലും സഞ്ചരിച്ചു, ശിഷ്യന്മാരെ ഒക്കെയും ഉറപ്പിച്ചു" (പ്രവൃത്തികൾ 18:23). എപ്പോഴാണ് സ്നാനം സ്നാനമല്ലാതാകുന്നത്?" എന്ന പാഠത്തിൽ ലൂക്കൊസ് "മൂന്നു വാക്യങ്ങളിലായി ... അനേക മാസങ്ങൾ എടുത്ത് 1,500 മൈലുകൾ യാത്ര ചെയ്തതു വിവരിക്കയുണ്ടായി." *നമുക്കു* സഹോദരന്മാരുമായി ഉണ്ടാകേണ്ട ബന്ധം മനസിലാക്കാൻ ആ മൂന്നു വാക്യങ്ങൾ സഹായിക്കും, അതുകൊണ്ടു ഒരു നിമിഷം അവയെ കൂടുതൽ കരുതലോടെ നോക്കാം.

### അവരോടൊപ്പം സമയം ചെലവിട്ടു (18:22, 23)

തന്റെ സഹോദരന്മാരോടൊത്ത് സമയം ചെലവിടുവാൻ പൗലൊസിനു ഇഷ്ടമായിരുന്നു. രണ്ടാം മിഷണറിയാത്രയുടെ അവസാനം, ഒരിക്കൽ കൂടെ അവൻ സുറിയായിലെ, "അന്ത്യൊക്യയിലേക്കു" മടങ്ങിവന്നു (വാക്യം 22) "കുറെ നാൾ അവിടെ താമസിച്ചു" (വാക്യം 23). ഒരുപക്ഷേ അവൻ ശീതകാലം അന്ത്യൊക്യയിൽ കഴിച്ചിരിക്കാം, അവന്റെ മിഷണറി പ്രവർത്തനങ്ങളിൽ തുടർച്ചയായി പ്രോത്സാഹിപ്പിച്ചിരുന്ന സഭയോട് ചേർന്ന് പ്രവർത്തിച്ചിരിക്കാം. പിന്നീട് വസന്ത കാലത്താകാം, വഴിയെല്ലാം വീണ്ടും സഞ്ചാരയോഗ്യമായപ്പോൾ, "അവൻ പുറപ്പെട്ടു" (വാക്യം 23) തന്റെ മൂന്നാം യാത്രക്കു പോയത്.[1] അവൻ വിട്ടുപോയപ്പോൾ, വീണ്ടും അന്ത്യോക്യയിലെ സഹോദരന്മാരെ സന്ദർശിക്കാൻ അവനു പ്ലാനുണ്ടായിരുന്നു, ഓരോ യാത്രയുടെയും അവസാനം അവൻ അതു ചെയ്തിരുന്നു. അവൻ അവരോടു യാത്രപറഞ്ഞപ്പോൾ, അവരെ വീണ്ടും കാണു

വാൻ കഴിയുമോ എന്ന് അവനു അറിയില്ലായിരുന്നു.

ആരോടെങ്കിലും നിങ്ങൾ എപ്പോഴെങ്കിലും "ഗുഡ്-ബൈ" പറഞ്ഞു പിരിയുമ്പോൾ, മനസിലാക്കേണ്ടതു അതു അവസാനസമയത്താണെന്നാണ്. അവരെ വിട്ടുപിരിയുമ്പോൾ തമ്മിലുള്ള ബന്ധം ഒരിക്കലും കണ്ടു മുട്ടിയില്ലെങ്കിൽ വേർപിരിയരുതെന്ന് തീർച്ചപ്പെടുത്തും.

പൗലൊസ് തന്റെ യാത്രയുടെ ആരംഭത്തിൽ കൂട്ടാളികളൊത്തു യാത്രയായി എന്നു നമ്മോടു പറഞ്ഞിട്ടില്ല, എന്നാൽ ഏകനായി യാത്ര ചെയ്യാൻ തിരഞ്ഞെടുത്തിരിക്കാം. പിന്നീട് തിമൊഥെയൊസ് എഫെസൊസിൽ ഉള്ളതായി ലൂക്കൊസ് പറയുന്നുണ്ട് (19:22); ഒരുപക്ഷേ ഈ യുവ ഉപദേഷ്ടാവ് കൊരിന്തിൽ നിന്നു വന്നു[2] പൗലൊസിനൊപ്പം യാത്ര ചെയ്തിരിക്കാം.[3] കൂടാതെ തീത്തൊസും പൗലൊസിനൊപ്പം എഫെസൊസിൽ ഉണ്ടായിരുന്നതായി 2 കൊരിന്ത്യർക്കെഴുതിയ ലേഖനത്തിൽ നിന്നു നാം മനസിലാക്കുന്നു (2 കൊരിന്ത്യർ 2:13; 7:6, 13, 14; 8:6, 16, 23; 12:18); പൗലൊസ് അന്ത്യോക്യ വിട്ടുപോയപ്പോൾ തീത്തൊസും പൗലൊസിന്റെ കൂടെ ഉണ്ടായിരുന്നേക്കാം.[4]

## നിങ്ങൾ എവിടെ പോയാലും, അവരെ സന്ദർശിക്കുക (18:23)

പൗലൊസും അവന്റെ കൂട്ടുകാരും (അവർ ആരൊക്കെ ആയാലും) അന്ത്യോക്യ വിട്ടപ്പോൾ, അവർ പൗലൊസും ശീലാസും രണ്ടാം യാത്രയിൽ ഉപയോഗിച്ച അതേ കരമാർഗ്ഗമാണ് ഉപയോഗിച്ചത് (പൗലൊസിന്റെ മൂന്നാം മിഷണറിയാത്രയുടെ ഭൂപടം നോക്കുക).[5] അവർ സുറിയായിൽ നിന്നു വടക്കോട്ടും, പിന്നെ പടിഞ്ഞാറോട്ടും സഞ്ചരിച്ച് താവുറോസ് മലകൾ വഴി കിലികൃൻ വാതിലുകൾ കടന്ന്, ദക്ഷിണ ഗലാത്യ പ്രദേശത്ത് എത്തുന്നതുവരെ യാത്ര ചെയ്തു. പിന്നെ അവർ "ഗലാത്യദേശത്തിലും ഫ്രുഗ്യയിലും സഞ്ചരിച്ചു" (പ്രവൃത്തികൾ 18:23), ആദ്യയാത്രയിൽ സ്ഥാപിച്ച സഭകളെ വീണ്ടും സന്ദർശിച്ചു. പ്രാഥമിക ഉദ്ദേശം ക്രിസ്ത്യാനികൾ എങ്ങനെയിരിക്കുന്നു എന്നറിയുകയായിരുന്നു. അതുകൊണ്ട് പൗലൊസും സഹപ്രവർത്തകരും "ശിഷ്യന്മാരെ ഒക്കെയും ഉറപ്പിച്ചുപോന്നു" (വാക്യം 23).

ഒരിക്കൽ കൂടെ, ഈ യാത്രയുടെ വിശദാംശങ്ങൾ ലൂക്കൊസ് നല്കിയിരുന്നെങ്കിൽ എന്നു നാം ആശിച്ചു പോകുന്നു. തിമൊഥെയൊസ് പൗലൊസിനോടു കൂടെ ഉണ്ടായിരുന്നെങ്കിൽ, ലുസ്ത്രയിലുള്ള അവന്റെ അമ്മയെ വീണ്ടും കാണുമ്പോൾ ഉണ്ടാകാവുന്ന കരച്ചിൽ എനിക്ക് ഊഹിക്കാം. (അവൻ അപ്പോഴും ജീവനോടെ ഇരിക്കുന്നതിൽ അവൾ അതിശയിച്ചു കാണും.)

കർത്താവിന്റെ സഭയുടെ ഒരു ഇടവക സന്ദർശിക്കുവാനുള്ള അവസരം പൗലൊസ് ഒരിക്കലും ഒഴിവാക്കിയിരുന്നില്ല. നാമും ഒഴിവാക്കരുത്.

## അവരെ സഹായിക്കുക (18:22, 23)

പൗലൊസിന്റെ മൂന്നാം മിഷണറിയാത്രയുടെ ഉദ്ദേശം ലൂക്കൊസ് ഊന്നി പറയുന്നില്ല,[6] എന്നാൽ പൗലൊസ് തന്റെ ലേഖനങ്ങളിൽ ഇതിനു

പ്രാധാന്യം നല്കി എഴുതുന്നുണ്ട്. അവൻ "യെരുശലേമിലെ വിശുദ്ധന്മാർക്കിടയിലെ ദരിദ്രരെ സഹായിക്കുവാൻ" ധനശേഖരം നടത്തിയിരുന്നു (റോമർ 15:26). ആ ഉദ്ദേശത്തിനായി "ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ" ധർമ്മശേഖരം നടത്തുവാൻ "ഗലാതൃസഭകളോട്" ഗലാതൃ കടന്നുപോയപ്പോൾ നിർദേശങ്ങൾ നല്കുന്നുണ്ട് (1 കൊരിന്ത്യർ 16:1, 2). ആ ധർമ്മശേഖരം പൂർത്തിയാക്കി യെരുശലേമിൽ കൊണ്ടുപോയി വിതരണം ചെയ്യുന്നതിനു പ്രതിനിധികളേയും അവൻ ഏർപ്പാട് ചെയ്യുന്നുണ്ട് (1 കൊരിന്ത്യർ 16:3, 4; പ്രവൃത്തികൾ 20:4).[7]

തന്നെക്കുറിച്ചുണ്ടായിരുന്നതിനേക്കാൾ കരുതൽ പൗലൊസിനു സഹോദരന്മാരെ കുറിച്ചുണ്ടായിരുന്നു. നമുക്ക് നമ്മുടെ സഹോദരന്മാരെ കുറിച്ചു കരുതലുണ്ടോ?

## നിങ്ങൾ അവരോടു വാക്കു പാലിക്കുക (18:21; 19:1)

ഗലാതൃയിലേയും ഫ്രുഗ്യയിലേയും അവരുടെ പ്രവൃത്തി തികച്ച ശേഷം, പൗലൊസും കൂട്ടരും എഫെസൊസ് ലക്ഷ്യമാക്കി പടിഞ്ഞാറോട്ടു സഞ്ചരിച്ചു. ദൈവഹിതമെങ്കിൽ താൻ വീണ്ടും വരുമെന്ന് (18:21), എഫെസൊസിലെ യെഹൂദന്മാരോട് പൗലൊസ് വാഗ്ദാനം ചെയ്തിരുന്നു. ആ യെഹൂദന്മാർ ഒരിക്കൽ പൗലൊസിന്റെ അബ്രഹാമിലൂടെയുള്ള സഹോദരന്മാർ ആയിരുന്നു, അവരെ ക്രിസ്തുവിൽ സഹോദരന്മാരാക്കി മാറ്റുവാൻ അവൻ ആശിച്ചു.

അവിശ്വസ്തതയല്ലാതെ മറ്റൊന്ന് ഒരു ബന്ധത്തെ രണ്ടു കക്ഷികളെ ത്തമ്മിൽ അത്ര പെട്ടെന്ന് വിഛേദിക്കാറില്ല. നമുക്ക് വാക്കു പാലിക്കുന്ന സ്ത്രീ പുരുഷന്മാരാകാം!

## ഉപസംഹാരം

അങ്ങനെ "അപ്പൊല്ലോസ് കൊരിന്തിൽ ഇരിക്കുമ്പോൾ,[8] പൗലൊസ് ഉൾപ്രദേശങ്ങളിൽ കൂടെ സഞ്ചരിച്ചു[9] എഫെസൊസിൽ എത്തി" (19:1). തന്റെ സഹോദരന്മാരെ കുറിച്ചു ശുദ്ധമന:സാക്ഷിയോടെയാണ് പൗലൊസ് എഫെസൊസിൽ എത്തിയത്. തനിക്കു ചെയ്യാൻ കഴിഞ്ഞ എല്ലാ സഹായവും പ്രോത്സാഹനവും നല്കി. *നാം* ജീവിതത്തിൽ എവിടെ എത്തിയാലും, നമുക്കും അപ്രകാരം പറയാൻ കഴിയും എന്നു ഞാൻ പ്രത്യാശിക്കുന്നു.

---

കുറിപ്പുകൾ

[1]അവൻ ഒന്നുകിൽ ഏ.ഡി 52 ലോ അല്ലെങ്കിൽ ഏ.ഡി 53 ലോ പോയിരിക്കാം. [2]ശീലാസും തിമൊഥെയോസും പൗലൊസിനൊപ്പം കൊരിന്ത് വിട്ടുപോയതായി ലൂക്കൊസ് പറയാത്തതുകൊണ്ട് (18:18), നാം മുൻപു പറഞ്ഞതുപോലെ പൗലൊസ് അവരെ കൊരിന്തിലെ വേല തുടരുവാൻ വിട്ടിരിക്കാം. [3]ഇതാ വേറെ ചില സാദ്ധ്യതകൾ: തിമൊഥെയൊസ് കൊരിന്തിൽ നിന്നു ലുസ്ത്രയിൽ തന്റെ അമ്മയെ കാണാൻ പോയി,

അവിടെ പൗലൊസിനോടു കൂടെ വീണ്ടും ചേർന്നിരിക്കാം; അല്ലെങ്കിൽ പൗലൊസ് എഫെസൊസിൽ എത്തിയ ശേഷം തിമൊഥെയൊസ് കൊരിന്തിൽ നിന്നു എഫെസൊസിലേക്കു കപ്പൽ കയറിക്കാണും. [4]എന്തുകൊണ്ട് ലൂക്കൊസ് തിത്തൊസിനെപ്പറ്റി പ്രവൃത്തികളുടെ പുസ്തകത്തിൽ പറയുന്നില്ല എന്നതു ഒരു മർമ്മമാണ്. ഒരു സാദ്ധ്യത തിത്തൊസ് ലൂക്കൊസിന്റെ ബന്ധുവായിരുന്നു എന്നതാണ്. ദൈവശ്വാസിയമല്ലാത്ത പാരമ്പര്യമനുസരിച്ച്, ലൂക്കൊസിനെപ്പോലെ, തിത്തൊസും സുറിയയിലെ അന്ത്യൊക്യയിൽ ജനിക്കയും (ഗലാത്യർ 1:21; 2:1 നോക്കുക) സ്വാഭാവികമായും പൗലൊസിനെ വിട്ടു പോയിരിക്കയും ചെയ്യാം. [5]പ്രവർത്തികൾ 3-ാം ലക്കത്തിലെ “പൗലൊസിന്റെ ഒന്നും രണ്ടും യാത്രകളുടെയും” ഈ പുസ്തകത്തിലെ “പൗലൊസിന്റെ മൂന്നാമത്തെ മിഷണറി യാത്രിയുടെയും പടങ്ങൾ താരതമ്യം ചെയ്യുക. [6]പ്രത്യേക ധർമ്മശേഖരം യാത്രക്കിടയിൽ നടത്തുന്നതു ലൂക്കൊസ് പറയുന്നത് പ്രവൃത്തികൾ 24:17-ൽ മാത്രമാണ്. [7]സോപത്രൊസും ഗായൊസും, ദെർബ്ബയിൽ നിന്നുള്ളവരായിരുന്നു, പിന്നീട് ഈ ധർമ്മോപകാര പ്രവൃത്തിക്കു ഒരുമിച്ച് യാത്ര ചെയ്യുന്നു (20:4). ലുസ്ത്രയെ പ്രതിനിധീകരിച്ച്, തിമൊഥെയൊസും വന്നു (20:4). [8]അപ്പൊല്ലോസിന്റെ സംഭവം, കുറെ നാൾ എഫെസൊസിൽ പ്രവർത്തിച്ചശേഷം, അപ്പൊല്ലോസ് കൊരിന്തിലേക്കു പോയി (18:27). [9]ഇതു സൂചിപ്പിക്കുന്നത് പൗലൊസ് സാധാരണ വ്യാപാരമാർഗ്ഗമല്ല എഫെസൊസിലേക്കു പോകുവാൻ ഉപയോഗിച്ചത് എന്നാണ്, എന്നാൽ വടക്കു നിന്നു കുറച്ചു മാത്രം യാത്ര ചെയ്ത മാർഗ്ഗത്തിൽ കൂടെ എഫെസൊസിലെത്തി.